കേരള സാഹിത്യ അക്കാദമി
തൃശൂർ
06.02.2018

പത്രക്കുറിപ്പ്

# രാഷ്ട്രീയമായി തോൽക്കുമ്പോഴും സവർണ്ണദേശീയത വിജയിക്കുന്നു : കെ.ഇ.എൻ.

തൃശൂർ : രാഷ്ട്രീയമായി പരാജയപ്പെടുമ്പോഴും സാംസ്കാരികമായി സവർണ്ണദേശീയത രാജ്യത്ത് വിജയിച്ചുകൊണ്ടിരിക്കുകയാണെന്നും ആചാരവൈവിധ്യത്തിനും ഭാഷക്കും ജാതിക്കും അതീതമായ മാനവസൗഹൃദത്തിന്റെ കൂട്ടായ്മയിലൂടെ മാത്രമേ ജാതിമേൽകോയ്മയെ ചെറുത്തുതോൽപ്പിക്കാനാവൂ എന്നും കേരള സാഹിത്യ അക്കാദമി നിർവാഹകസമിതിയംഗം കെ.ഇ.എൻ. പറഞ്ഞു. വൈവിധ്യങ്ങളുടെ കലർപ്പാണ് നാടിന്റെ കാന്തിയും കരുത്തുമായി വളരുന്നത്. നിരവധി ദേശീയതകളുടെ സമുച്ചയമായി വളർത്തിയെടുക്കുന്ന ജനകീയദേശീയതയിലൂടെ മാത്രമേ മേൽകോയ്മാദേശീയതയെ തകർക്കാനാവൂ എന്നും അദ്ദേഹം പറഞ്ഞു. കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവത്തിന്റെ ഭാഗമായി നടത്തിയ ജനകീയദേശീയത എന്ന സെമിനാറിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംവാദങ്ങൾ അർത്ഥപൂർണമായി വികസിക്കുമ്പോഴാണ് ജനാധിപത്യം ശക്തിപ്പെടുന്നത്. എന്നാൽ രാജ്യത്ത് സംവാദമണ്ഡലം ഇപ്പോൾ സ്തംഭിച്ച് നിൽക്കുകയാണെന്നും കെ.ഇ.എൻ. പറഞ്ഞു. 1948ലെ ഗാന്ധിവധവും 2003ൽ ഇന്ത്യൻ പാർലമെന്റിൽ ഗോൾവാൾക്കറുടെ പടംവെച്ചതും ഇന്ത്യ നേരിടേണ്ടി വന്ന വൻദുരന്തങ്ങളാണ്. മേൽകോയ്മാദേശീയതയെ എതിർത്ത ഗാന്ധിയൻ മതനിരപേക്ഷതക്കെതിരായ കടുത്ത വെല്ലുവിളികളാണ് അതെന്നും അദ്ദേഹം പറഞ്ഞു.

ഏകമതസ്വഭാവത്തോടുകൂടി ജനകീയദേശീയതയെ രൂപപ്പെടുത്താനാവില്ലെന്ന് സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ച ചരിത്രപണ്ഡിതൻ ഡോ.കെ.എൻ.ഗണേശ് പറഞ്ഞു. സമന്വയത്തിന്റേയും സാംസ്കാരികവിനിമയത്തിന്റേയും വഴിയിലൂടെയാണ് ജനകീയദേശീയത രൂപപ്പെട്ടു എന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ സാമ്രാജ്യത്വവിരുദ്ധസമരമായി വളർത്തിയെടുത്തതിന്റെ ഭാഗമായാണ് ഇന്ത്യയിൽ ദേശീയതയെന്ന സ്വഭാവം രൂപപ്പെടാൻ തുടങ്ങിയതെന്ന് സെമിനാറിൽ പങ്കെടുത്ത സുനിൽ പി.ഇളയിടം പറഞ്ഞു. ടി.ഡി.രാമകൃഷ്ണൻ, പി.എസ്.ഇക്ബാൽ, കെ.രാജേന്ദ്രൻ എന്നിവരും സംസാരിച്ചു.

നീനാവാരിയരുടെ കാവ്യാലാപനവുമുണ്ടായി. തിരുനെൽവേലി കരിസാൽ കൃഷ്ണസ്വാമിയും സംഘവും തമിഴ് നാടോടിഗാനങ്ങളുടെ ആവിഷ്കാരം നടത്തി.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി